പരിക്കുപറ്റിയ പോലീസുകാർ

1. രാജശേഖരൻ
2. വിനോദ്കുമാർ
3. പ്രതീപ് കുമാർ

(ഇ) ടി കേസിലെ ഒന്നു മുതൽ നാലു വരെ പ്രതികളെ അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ നിന്നും ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും അഞ്ചാം പ്രതിയെയും എട്ട് മുതൽ പതിനൊന്ന് വരെ പ്രതികളെയും അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി അവരെ റിമാന്റു ചെയ്തിട്ടുള്ളതുമാണ്. ആറും ഏഴും പ്രതികൾ ഒളിവിലാണ്.

(എഫ്) ഉണ്ട്. ഈ കേസ് ആദ്യം സെക്ഷൻ 143, 147, 149, 341, 323, 332, 506(1) പ്രകാരമാണ് രജിസ്റ്റർ ചെയ്തിരുന്നത്. അതനുസരിച്ച് അറസ്റ്റ് ചെയ്ത ഒന്ന് മുതൽ നാല് വരെ പ്രതികളെ പോലീസ് സ്റ്റേഷനിൽ നിന്നും ജാമ്യത്തിൽ വിട്ടിട്ടുണ്ട്.

(ജി) സെക്ഷൻ 143, 147, 149, 341, 323, 452 ഉം 506(11) ഐ.പി.സി. പ്രകാരം കേസ് ചാർജ് ചെയ്യേണ്ടത്. ഈ വകുപ്പുകൾ പ്രകാരമുള്ള കുറ്റം പോലീസ് സ്റ്റേഷനിൽ നിന്നും ജാമ്യം നല്കാവുന്നതല്ല. കേസ്സിന്റെ അന്വേഷണം കായംകുളം സി.ഐ. ഏറ്റെടുത്ത ശേഷമാണ് പ്രതികൾ 452, 506(II) വകുപ്പുകൾ പ്രകാരമുള്ള കുറ്റംകൂടി ചെയ്തതെന്ന് ബോദ്ധ്യമായത്. ഇതനുസരിച്ച് പിന്നീട് അറസ്റ്റു ചെയ്ത അഞ്ചാം പ്രതിയെയും എട്ട് മുതൽ പതിനൊന്ന് വരെ പ്രതികളെയും കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(എച്ച്) യു. എസ്.143, 147, 149, 341, 323, 506(10) ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് അന്വേഷണത്തിൽ സെക്ഷൻ 452, 506(11) ഐ.പി.സി കൂടി ചേർത്തിട്ടുള്ളതുമാണ്.

(ഐ) പരാതി ലഭിച്ചിട്ടില്ല.

കായംകുളം അക്കിനാൽ പെന്തികോസ്ത് പള്ളി ആക്രമിച്ച സംഭവം

76 (76) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അക്കിനാൽ പെന്തികോസ്ത് പള്ളി ആക്രമിച്ച കുറ്റവാളികളെ കണ്ടെത്തി പിടികൂടിയോ എന്ന് അറിയിക്കുമോ ;

(ബി) ഈ സംഭവത്തെപ്പറ്റി അന്വേഷിച്ച ലോക്കൽ സി.ഐ.യേയും ഡി.വൈ.എസ്.പി.യേയും മാറ്റി ക്രൈംബ്രാഞ്ചിനെ ഏല്പിച്ചത് എന്ന് മുതലാണ് ;

(സി) ക്രൈംബ്രാഞ്ചിന്റെ അന്വേഷണഫലങ്ങളെപ്പറ്റി വ്യക്തമാക്കുമോ ;

(ഡി) ഈ കേസ് അന്വേഷിച്ച കായംകുളം സി.ഐ, ഡി.വൈ.എസ്.പി. എന്നിവരുടെ പേരിൽ ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവർ രണ്ടുപേരും ഇപ്പോൾ എവിടെയാണ് ജോലി നോക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുറ്റവാളികളെ കണ്ടെത്താൻ വേണ്ട ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(ബി&സി) ടി സംഭവത്തോടനുബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 118/99 നമ്പർ കേസ് 9-6-99-ൽ ക്രൈംബ്രാഞ്ചിന് കൈമാറുകയും കൊല്ലം ക്രൈംബ്രാഞ്ചിന്റെ 130/ സി/ആർ/99 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഡി) ഇല്ല.

(ഇ) കായംകുളം ഡി.വൈ.എസ്.പി. ആലുവ അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി. ആയും കായംകുളം സി.ഐ. ഹരിപ്പാട് സി.ഐ. ആയും ജോലി നോക്കി വരുന്നു.

മെത്രാപോലിത്തായെ തടഞ്ഞുനിറുത്തിയ സംഭവം

77 (77) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിൽപ്പെട്ട കണ്യാട്ടുനിരപ്പ് യാക്കോബായ സുറിയാനി പള്ളിയും സ്കൂളുമായി ബന്ധപ്പെട്ട് 1999-ൽ ഒരു ചടങ്ങിനു പോകവേ അങ്കമാലി ഭദ്രാസന മെത്രാപോലിത്തയെ ഏതാനും പേർ ചേർന്ന് തടഞ്ഞു നിറുത്തുകയും ചീത്തവിളിക്കുകയും, അദ്ദേഹം സഞ്ചരിച്ച വാഹനം കേടുവരുത്തുകയും ചെയ്ത സംഭവത്തിൽ കേസെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(സി) കേസ് ചാർജ് ചെയ്തുവോ ;

(ഡി) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കുറ്റം ചുമത്തിയിട്ടുള്ളത് ;

(ഇ) പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(ജി) കേസ്സിന്റെ അന്വേഷണം സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(എച്ച്) പരാതിയിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ഐ) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ജെ) ഈ കേസ്സിന്റെ അന്വേഷണം നടത്തിയതാരെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly